**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5439** **21-07-2022 - ൽ മറുപടിയ്ക്ക്**

**പശു, ആട്, പോത്ത്, കോഴി എന്നിവ വളർത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശു, ആട്, പോത്ത്, കോഴി എന്നിവയെ വളർത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | **മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**<br><br>1. ഗോവർദ്ധിനി പദ്ധതി -കന്നുകുട്ടി പരിപാലന പദ്ധതി<br>2. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി<br>3. രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി<br>4. കർഷക പരിശീലന പരിപാടികൾ<br>5. വെറ്ററിനറി സേവനം<br>6. വൈഡ് (വിമൺ ഇൻ ഡയറി എന്റർപ്രണർഷിപ്പ് )<br>7. ആട് വളർത്തൽ യൂണിറ്റുകൾ<br>8. വാണിജ്യാടിസ്ഥാനത്തിൽ ആട് വളർത്തൽ<br>9. മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി<br>10. ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം<br><br>**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ)**<br><br>വനിതാമിത്രം, കൂട്ടും കോഴിയും പദ്ധതി, കോൺട്രാക്ട് കുടംബശ്രീ കോഴി വളർത്തൽ പദ്ധതി, മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി.<br><br>**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്**<br><br>1) പോത്ത്/കാള കുട്ടികളെ ഇറച്ചി ആവശ്യത്തിന് വളർത്തിയെടുക്കാനുള്ള ഒരു പദ്ധതി 23 കോടി രൂപ മുതൽ മുടക്കിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ തുടങ്ങുന്നതാണ്. ഇതിനായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആദ്യ ഗഡുവായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയും വനിതാവികസന കോർപ്പറേഷനും കൂടി സഹകരിച്ച് ഇറച്ചി ആവശ്യത്തിനുള്ള പോത്തിൻകുട്ടികളെ വളർത്താൻ കൊടുത്ത് തിരിച്ചുവാങ്ങാനുള്ള പദ്ധതി.<br><br>ഒരു വനിതാ സംരംഭകയ്ക്ക് 5 പോത്തിൻ കുട്ടികളെ വളർത്താൻ കൊടുത്ത് വളർച്ചയെത്തുമ്പോൾ എം.പി.ഐ തിരിച്ചു വാങ്ങും. സംരംഭകർക്ക് ഒറ്റയ്ക്കോ ഗ്രൂപ്പായോ ഇതിനുള്ള അപേക്ഷ വനിതാവികസന കോർപ്പറേഷന് വായ്പ അനുവദിക്കാൻ നൽകണം. ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് വായ്പ. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി ഏത് വിധത്തിലാണ് കർഷകർ അപേക്ഷിക്കേണ്ടതെന്ന് അറിയിക്കാമോ; | (ബി) | മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പദ്ധതികൾക്കായി അടുത്തുള്ള മൃഗാശുപത്രികൾ വഴിയാണ് അപേക്ഷിക്കേണ്ടത്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്ന ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ബന്ധപ്പെടേണ്ടതാണ്. കെപ്കോ, മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി പ്രകാരം ഫാം നടത്താൻ ആഗ്രഹിക്കുന്ന കർഷകർ കെപ്കോ മനേജിംഗ് ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്.<br><br>പോത്ത് ഗ്രാമം/ആട് ഗ്രാമം പദ്ധതി പ്രകാരവും കർഷകർക്ക് ഒറ്റയ്ക്കും ഗ്രൂപ്പായും സംരംഭകരാകാം. ഇതിനായി കിസാൻ ക്രെഡിറ്റ് സമ്പ്രദായത്തിൽ അക്രെഡിറ്റഡ് ബാങ്കുകൾ വഴി മൈക്രോഫിനാൻസ് തരപ്പെടുത്തി നല്കും. ഇപ്പോൾ നിലവിലുള്ള പലിശനിരക്ക് (4%) മൃഗസംരക്ഷണ വകുപ്പ് സബ്സിഡിയായി നൽകുന്ന കാര്യം പരിഗണനയിലാണ്. ഇതിനായി കർഷകർ കിസാൻ ക്രെഡിറ്റ് കാർഡ് കരസ്ഥമാക്കി അംഗീകൃത ബാങ്കുകൾക്ക് അപേക്ഷ എം.പി.ഐ മുഖാന്തരം നൽകണം. വളർച്ചയെത്തുന്ന മൃഗങ്ങളെ എം.പി.ഐ വിലയ്ക്ക് തിരിച്ചെടുക്കും. |
| (സി) | പ്രസ്തുത പദ്ധതികൾ വഴി കൃഷിക്കാരന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ വഴി കൃഷിക്കാരന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അനുബന്ധം 'എ' ആയും കെപ്കോ പദ്ധതികളിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.<br><br><u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ നൽകുന്ന ആനുകൂല്യങ്ങൾ</u><br><br>1. ലഘുവായ പലിശനിരക്കിൽ വായ്പ ലഭിക്കുന്നു.<br>2. സൗജന്യ വെറ്ററിനറി വൈദ്യസഹായം ലഭ്യമാക്കും. |

| | | | |
|---|---|---|---|
| | | | 3. മൃഗപരിപാലനത്തിനുള്ള പരിശീലനം സംരംഭകർക്ക് നൽകും.<br>4. മൃഗങ്ങൾക്കുള്ള ഇൻഷ്വറൻസ് ഏർപ്പെടുത്തി നഷ്ടപരിഹാരം ലഭ്യമാക്കും.<br>5. പലിശ സബ്സിഡിയായി സർക്കാർ വഹിക്കാനുള്ള നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - എ

## മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ വഴി കൃഷിക്കാരന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

### 1) ഗോവർദ്ധിനി പദ്ധതി -കന്നുകുട്ടി പരിപാലന പദ്ധതി

പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതിയാണിത്.

### 2) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണം മൂലവും ഉൽപാദന ശേഷി നഷ്ടപ്പെടുന്നത് മൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു. 2022-23 വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### 3) രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി

അടിയന്തിര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നടപ്പിലാക്കി വരുന്നു.

### 4) കർഷക പരിശീലന പരിപാടികൾ

സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 പരിശീലനകേന്ദ്രങ്ങൾ വഴി കറവപ്പശു പരിപാലനം, ആട് വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, വീട്ടുവളപ്പിലെ കോഴിവളർത്തൽ, തീറ്റപ്പുൽകൃഷി, വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ, കാടക്കോഴി വളർത്തൽ, പോത്തുകുട്ടി പരിപാലനം എന്നിവയുൾപ്പെടെ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

### 5) വെറ്ററിനറി സേവനം

മൃഗചികിത്സ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചെയ്തുവരുന്നു.

### 6) വൈഡ് (വിമൺ ഇൻ ഡയറി എന്റർപ്രണർഷിപ്പ്)

വനിതകൾക്കായി തൊഴിലവസരം സൃഷ്ടിക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ഒരു വനിത ഗുണഭോക്താവിന് 8-9 മാസം പ്രായമായ ഗർഭിണി കിടാരിയോ /അടുത്തിടെ പ്രസവം നടന്ന പശുക്കളോ നൽകി പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നു. ഇത്തരത്തിൽ ഒരു ഉപഭോക്താവിന് മൂന്ന് മൃഗങ്ങളെ വളർത്താൻ ആനുകൂല്യങ്ങൾ നൽകും. ഒരു ഗുണഭോക്താവിന് 75000 രൂപ സബ്സിഡി ലഭിക്കും. 2022-23 സാമ്പത്തിക വർഷം

പദ്ധതിയ്ക്കായി 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**7) <u>ആട് വളർത്തൽ യൂണിറ്റുകൾ</u>**

ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു. തിരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് കർഷകന് 25,000/- രൂപയാണ് ധനസഹായം. ആകെ 200 ലക്ഷം രൂപ ഇതിനായി 2022-23 ൽ നീക്കിവച്ചിട്ടുണ്ട്.

**8) <u>വാണിജ്യാടിസ്ഥാനത്തിൽ ആട് വളർത്തൽ</u>**

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി അനിമൽ റിസോഴ്സ് ഡവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000/- രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2022-23 ൽ 240 യൂണിറ്റിന് 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**9) <u>മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി</u>**

മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന പദ്ധതിയാണിത്. ഓണാട്ടുകര മേഖലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000/- രൂപ ധനസഹായം നൽകുന്നു. 2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 235 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**10) <u>ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്സെന്റ് പ്രോഗ്രാം</u>**

**(i) <u>നഗര പ്രദേശങ്ങളിൽ കൂടുകളിൽ കോഴി വളർത്തൽ പദ്ധതി</u>**

നഗരപ്രദേശങ്ങളിൽ (കോർപ്പറേഷൻ പരിധിയിൽ) ഗുണഭോക്താക്കൾക്ക് അത്യുത്പാദനശേഷിയുള്ള ഹൈ ഇൻപുട്ട് മുട്ടക്കോഴികളെ (BV 380) വളർത്താൻ ആനുകൂല്യം നൽകുന്നതാണ് പദ്ധതി. കൂടുകളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കും. അഞ്ചു കോഴികൾ, പത്തു കോഴികൾ എന്നിവ അടങ്ങുന്ന യൂണിറ്റുകൾ നടപ്പിലാക്കും. അഞ്ചു കോഴികൾ അടങ്ങുന്ന യൂണിറ്റിന് 5250/- രൂപയും, പത്തു കോഴികൾ അടങ്ങുന്ന യൂണിറ്റിന് 9500/- രൂപയും സഹായം നൽകും. 2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

(ii) **<u>സ്കൂൾ ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം</u>**

2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ 50 വീതം കുട്ടികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. 2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം - ബി

## കെപ്കോയുടെ പദ്ധതികൾ വഴി കൃഷിക്കാരന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | കെപ്കോ ആശ്രയ | തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോതീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു |
| 2 | കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് | സംസ്ഥാനത്തെ ഗവണ്മെന്റ് /എയ്ഡഡ് സ്കൂളിലെ യു.പി വിഭാഗത്തിൽപ്പെട്ട 6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും, 1 കിലോ തീറ്റ, മരുന്ന് എന്നിവയും വിതരണം ചെയ്യുന്നു. |
| 3 | 100 കോഴിയും, കൂടും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ ജെ.എൽ.ജി ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട 100 കോഴിയും, 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂടും ആണ് നൽകുന്നത്. |
| 4 | കെപ്കോ വനിതാമിത്രം | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 1000 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോതീറ്റ, മരുന്ന് എന്നിവയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ